# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി. ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം-10

ഫോൺ: (0471) 2735544, ഫാക്സ്: (0471) 2735599 ഇ-മെയിൽ:kserc@erckerala.org വെബ്സൈറ്റ്: www.erckerala.org


തിരുവനന്തപുരം **പത്രക്കുറിപ്പ്** 2010 സെപ്റ്റംബർ 20

## ഇന്ധന സർച്ചാർജ്ജ് പിരിക്കൽ സെപ്റ്റംബർ 30 വരെ തുടരാം

വൈദ്യുതി ഉപഭോക്താക്കളിൽ നിന്ന് ഇന്ധന സർച്ചാർജ്ജ് പിരിക്കുന്ന വിഷയത്തിൽ നിലവിലെ സ്ഥിതി തുടരാനുള്ള കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഒരു വിഭാഗം ഉപഭോക്താക്കളിൽ നിന്ന് സംസ്ഥാന വൈദ്യുതി ബോർഡ് സർച്ചാർജ്ജ് ഈടാക്കിക്കഴിഞ്ഞ സാഹചര്യത്തിൽ ഈ മാസം 30 വരെ അത് തുടരാൻ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉത്തരവായി.

സെപ്തംബർ 30 വരെ യൂണിറ്റിന് 25 പൈസ നിരക്കിൽ ഇന്ധന സർച്ചാർജ്ജ് ഈടാക്കാൻ കമ്മീഷൻ ബോർഡിന് നൽകിയ അനുമതി ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കപ്പെടാത്തതിനെ തുടർന്ന്, ചില ഉപഭോക്താക്കൾ നൽകിയ പരാതി ഹർജിയായി സ്വീകരിച്ച് ആഗസ്റ്റ് ഏഴിന് നടത്തിയ വാദം കേൾക്കലിനെ തുടർന്ന് കമ്മീഷൻ ആഗസ്റ്റ് 31 ന് ശേഷമുള്ള വൈദ്യുതി ഉപഭോഗത്തിന് സർച്ചാർജ്ജ് ഈടാക്കേണ്ടതില്ലെന്ന് ബോർഡിനോട് നിർദ്ദേശിച്ചിരുന്നു.. ഈ തീരുമാനം പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് ബോർഡ് സമർപ്പിച്ച ഹർജിയിന്മേലാണ് ഇപ്പോഴത്തെ ഉത്തരവ്.

പുന:പരിശോധനാ ഹർജിയ്ക്കൊപ്പം കേരള ഹൈക്കോടതിയെ സമീപിച്ച ബോർഡിന് കമ്മീഷന്റെ പുന:പരിശോധനാ തീരുമാനം വരുന്നതുവരെ തൽസ്ഥിതി തുടരാൻ കോടതി ഉത്തരവ് നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ബോർഡ് ഒരു വിഭാഗം ഉപഭോക്താക്കളിൽ നിന്ന് സർച്ചാർജ്ജ് ഈടാക്കി.

ഹർജ്ജിയുടെ പുന:പരിശോധനാ തെളിവെടുപ്പിൽ, സർച്ചാർജ്ജ് ഈടാക്കുന്നത് തടഞ്ഞുകൊണ്ട് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവ് പിൻവലിക്കേണ്ട ഒരു സാഹചര്യവും നിലവിലില്ലെന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു. സർക്കാർ സബ്സിഡി അർഹതയുള്ള ഉപഭോക്താക്കൾക്ക്, ബോർഡ് നൽകുന്ന ബില്ലിൽ രേഖപ്പെടുത്തുകയോ, സബ്സിഡി സംബന്ധിച്ച വിശദാംശങ്ങളും ഈടാക്കിയ സർച്ചാർജ്ജിന്റെ കണക്കും

നിർദ്ദിഷ്ട രീതിയിൽ കമ്മീഷന് നൽകുകയോ ചെയ്യാത്ത ബോർഡ്, 2003 ലെ വൈദ്യുതി നിയമത്തിലെ സെക്ഷൻ 65 ലംഘിച്ചിരിക്കുന്നതായി കമ്മീഷൻ കണ്ടെത്തി.

എന്നാൽ, ഒരു വിഭാഗത്തിൽ നിന്ന് സർച്ചാർജ്ജ് ഈടാക്കിക്കഴിഞ്ഞ സാഹചര്യവും ആദ്യം കമ്മീഷൻ അനുവദിച്ച കാലാവധി അവസാനിക്കാൻ ഏതാനും ദിവസങ്ങളേ ബാക്കിയുള്ളൂ എന്ന വസ്തുതയും പരിഗണിച്ചാണ് ഈ മാസം 30 വരെ സർച്ചാർജ്ജ് പിരിക്കാൻ കമ്മീഷൻ അനുവദിച്ചത്.

**സെക്രട്ടറി**

KSERC/PR/23/2010